ഹിൽ ഏരിയ വികസന അതോറിറ്റി പദ്ധതി

40 (1438) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹിൽ ഏരിയ വികസന അതോറിറ്റി പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത പ്രവർത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഓരോ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി

41 (1439) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ ടി ഏജൻസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; കണ്ണൂർ ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) ടി ഏജൻസിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത് ;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ് ബ്ലോക്കിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിനെ എച്ച്.എ.ഡി.എ.-യിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം താഴെപ്പറയുന്നു.

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ കുറഞ്ഞത് 25 ശതമാനം എങ്കിലും പ്രദേശം 600 മീറ്റർ കോണ്ടൂറിന് മുകളിൽ വരുന്നവയായിരിക്കണം. അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly